**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4621** **19-03-2025 - ൽ മറുപടിയ്ക്ക്**

**കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | തടിയുടേയും, നാണ്യ വിളകളുടേയും ഉല്പാദനവും വില്പനയും, ഇക്കോ ടൂറിസം പ്രവർത്തനം എന്നിവയാണ് കേരള ഫോറെസ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്ന്റെ പ്രധാന പ്രവർത്തനങ്ങൾ. |
| (ബി) | മൂന്നാർ കെ.എഫ്.ഡി.സി. ഓഫീസിനുകീഴിൽ 2021-22 വർഷം മുതൽ നാളിതുവരെ നടപ്പിലാക്കിയ പ്രവർത്തനങ്ങളും ഇതിനായി ചെലവഴിച്ച തുകയും വർഷം തിരിച്ച് വിശദമാക്കാമോ? | (ബി) | മൂന്നാർ ഡിവിഷന് കീഴിൽ ഇക്കോ ടൂറിസത്തിന്റെ ഭാഗമായി താമസ സാകര്യം ഒരുക്കുന്ന റോഡോമാൻഷന്റെയും ബേസ് ക്യാമ്പിന്റേയും സൌകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 14.09.2023 തീയതിയായി G.O(RT)No. 471/2023/TSM സർക്കാർ ഉത്തരവ് പ്രകാരം, 32 ലക്ഷം രൂപ അനുവദിച്ച ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. ടൂറിസം വകുപ്പിന്റെ 19.10.2023 തീയതിയായി ET/140/2023 നമ്പർ ഉത്തരവ് പ്രകാരം 12,80,000/- രൂപ ലഭിച്ചിട്ടുള്ളതുമാണ്. ബാക്കി 19,20000/- രൂപ ലഭിക്കാനുണ്ട്. മേൽ പ്രവർത്തികൾ അക്രഡിറ്റഡ് സ്ഥാപനമായ കേരള പോലീസ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ (KPHCC) മുഖേന പൂർത്തീകരിച്ചിട്ടുള്ളതാണ്. മാങ്കുളം സബ് യൂണിറ്റ് ഓഫീസും അനുബന്ധ കെട്ടിടങ്ങളും 2023-24 വർഷം 24 ലക്ഷം രൂപ ചെലവഴിച്ച് കേരള ഹൌസിംഗ് ബോർഡ് മുഖേന പുനരുദ്ധരിച്ചിട്ടുള്ളതാണ്.<br><br>മറ്റ് പ്രവർത്തികൾക്കായി ചെലവഴിച്ച തുകയുടെ കണക്ക് അനുബന്ധമായി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

(തുക ലക്ഷത്തിൽ)

| വർഷം | യൂക്കാലിത്തോട്ടം | ഏലം/ കാപ്പിത്തോട്ടം | ചന്ദന ഫാക്ടറി | ഫ്ലോറികൾച്ചർ നടത്തിപ്പ് | ടൂറിസം നടത്തിപ്പ് |
|---|---|---|---|---|---|
| 2021–22 | 2.7 | 55.12 | 3.67 | 26.95 | 38.37 |
| 2022–23 | 3.20 | 53.93 | 5.83 | 43.2 | 75.73 |
| 2023–24 | 8.10 | 77.85 | 4.11 | 55 | 108.3 |
| 2024–25 | 2.98 | 104.47 | 63.82 | 50.14 | 106.61 |